28.06.2009
പുനലൂർ

# മെത്രാഭിഷേകം

## ആമുഖപ്രസംഗം

ഏതാനും ദിവസങ്ങൾക്കുമുമ്പ് നിയുക്ത മെത്രാന് ആശംസകളർപ്പിക്കുവാൻ ഒരുമിച്ച് കൂടിയ ഒരു സ്വീകരണ യോഗത്തിൽ ഞാൻ സംബന്ധിക്കുകയായിരുന്നു. അന്ന് ആശംസകളർപ്പിച്ചു കൊണ്ട് സംസാരിച്ച ഇദ്ദേഹത്തിന്റെ ഒരു സഹപാഠി വാക്കുകൾ കൊണ്ടുള്ള ഒരു കളി നടത്തുന്നത് കേൾക്കാനിയായി. നിയുക്ത മെത്രാന്റെ അപ്പന്റെ പേര് പൊന്നുമുത്തനെന്നാണ്; അമ്മയുടെ പേര് തങ്കമ്മ. ഇങ്ങനെ പൊന്നും തങ്കവുമാണ് ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ. സെൽവിസ്റ്റർ എന്ന അദ്ദേഹത്തിന്റെ പേരു കേൾക്കുമ്പോൾ ഓർമ്മവരുന്നത് സെൽവത്തെയാണ്. അല്പം തമിഴ് പശ്ചാത്തലം കൂടിയായതുകൊണ്ട് സെൽവത്തെ ഞാൻ മനസ്സിലാക്കുന്നത് നിധി എന്നാണ്. പൊന്നും തങ്കവും ചേർന്ന് തങ്ങൾക്കു ലഭിച്ച ഏറ്റവും വലിയ നിധിയെ ദൈവത്തിനു സമർപ്പിച്ചു. ഇന്ന് പരേതനായ ഇദ്ദേഹത്തിന്റെ പിതാവിനോടും ഇവിടെ സന്നിഹിതയായ ഇദ്ദേഹത്തിന്റെ മാതാവിനോടും അദ്ദേഹം ജനിച്ചു വളർന്ന തിരുവനന്തപുരം അതിരൂപതയോടും ഇന്നിദ്ദേഹം ശുശ്രൂഷചെയ്യുന്ന നെയ്യാറ്റിൻകര രൂപതയോടുമൊപ്പം, ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്ന നമ്മിലൂടെ കേരള സഭയും പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമനിലൂടെ സാർവ്വത്രിക സഭയും ഈ സെൽവത്തെ, ഈ നിധിയെ പുനലൂർ രൂപതയ്ക്ക് സമർപ്പിക്കുകയാണ്. മെത്രാനായി അഭിഷിക്തനാകാൻ പോകുന്ന അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവിന് അഭിനന്ദനങ്ങൾ നേരുന്നു; മംഗളങ്ങൾ ആശംസിക്കുന്നു; പ്രാർത്ഥനകൾ വാഗ്ദാനം ചെയ്യുന്നു.

ബഹുമാനപ്പെട്ട സെൽവിസ്റ്റർ പൊന്നുമുത്തനെക്കുറിച്ച് വേദ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: ''മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജനതകൾക്ക് പ്രവാചകനായി നിന്നെ ഞാൻ നിയോഗിച്ചു'' (ജറെ. 1, 5). ഈ വാക്യമാണ് ഏതാണ്ട് 27 കൊല്ലങ്ങൾക്കുമുമ്പ് നെയ്യാറ്റിൻകര രൂപതയിലെ ഉച്ചക്കട ദേവാലയ അങ്കണത്തിൽവച്ച് ഇദ്ദേഹം അഭിവന്ദ്യ ജേക്കബ് അച്ചാരുപറമ്പിൽ പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ച അവസരത്തിൽ വചനപ്രഘോഷണത്തിനായി തിരഞ്ഞെടുത്തിരുന്നത്. അന്നത്തെ വചന പ്രഘോഷണം നടത്താൻ എന്നോടാണ് ആവശ്യപ്പെട്ടിരുന്നത്. ''മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനുമുമ്പ് നിന്നെ ഞാൻ അറിഞ്ഞു'' എന്ന വാക്യം വ്യാഖ്യാനിച്ചുകൊണ്ട് അന്നു ഞാൻ പറയാൻ ശ്രമിച്ചതുതന്നെ ഇന്നും ഇവിടെ ആവർത്തിക്കുന്നു. ബഹുമാനപ്പെട്ട സെൽവിസ്റ്റർ പൊന്നുമുത്തനച്ചൻ ഒരു വൈദികനായതും, ഇന്ന് ഒരു മെത്രാനായി അഭിഷിക്തനാകുന്നതും വെറും യാദൃശ്ചികങ്ങളായ സംഭവങ്ങളല്ല. അനാദിമുതൽ സെൽവിസ്റ്റർ പൊന്നുമുത്തനെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്ന പദ്ധതികൾ ചരിത്രത്തിന്റെ താളുകളിൽ ചുരുളഴിയുന്നതാണ് നാം കാണുന്നത്. ഇദ്ദേഹം ഇന്ന് പുനലൂർ രൂപതയുടെ സാരഥിയാകുന്നത് പുനലൂർ രൂപത അദ്ദേഹത്തെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നതുകൊണ്ടോ, പരിശുദ്ധപിതാവ് അദ്ദേഹത്തെ ഈ ദൗത്യം ഏല്പിച്ചതുകൊണ്ടോ മാത്രമല്ല, സർവ്വ പ്രധാനമായി ദൈവം അദ്ദേഹത്തെ അനാദിമുതൽ തന്നെ അറിയുകയും, വിശുദ്ധീകരിക്കുകയും ഈ പ്രത്യേക ദൗത്യത്തിനായി നിയോഗിക്കുകയും ചെയ്തതു കൊണ്ടാണ്.

യുഗങ്ങൾക്കുമുമ്പ് ദൈവം സെൽവിസ്റ്റർ പൊന്നുമത്തനെ അറിഞ്ഞപ്പോൾ ദൈവത്തിന്റെ മനസ്സിൽ അദ്ദേഹത്തെക്കുറിച്ചുണ്ടായിരുന്ന രൂപമെന്തായിരുന്നു? മാതാപിതാക്കളായ പൊന്നിന്റെയും തങ്കത്തിന്റെയും മനസ്സിലുണ്ടായിരുന്നത് സെൽവത്തിന്റെ, നിധിയുടെ രൂപമായിരുന്നു. എന്നാൽ ദൈവത്തിന്റെ മനസ്സിലുണ്ടായിരുന്നത് ശൂന്യമായ ഒരു പാത്രത്തിന്റെ രൂപമായിരുന്നു. പുനലൂർ രൂപതയ്ക്കായി പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ നിറയ്ക്കുവാൻ സാധിക്കുന്ന ശൂന്യമായ ഒരു പാത്രം!. ഇദ്ദേഹത്തെക്കാളും ബലഹീനനും നിസ്സാരനുമായ ഒരു വ്യക്തിയെ കണ്ടെത്താൻ സാധിക്കാത്തതു കൊണ്ടാണ് ദൈവം ഇദ്ദേഹത്തെത്തന്നെ ഈ ദൗത്യത്തിനായി തിരഞ്ഞെടുത്തത്. പൗലോസ് അപ്പോസ്തലനിലൂടെ ദൈവം നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: ''വിജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോക ദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തിരഞ്ഞെടുത്തു, ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും നിലവിലുള്ളവയെ നശിപ്പിക്കുവാൻവേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തിരഞ്ഞെടുത്തു. ''ദൈവസന്നിധിയിൽ ആരും അഹങ്കരിക്കാതിരിക്കാനാണ് അവിടുന്ന് ഇങ്ങനെ ചെയ്തത്'' (1 കൊറി. 1, 27-29).

ബഹുമാനപ്പെട്ട സെൽവിസ്റ്റർ പൊന്നുമുത്തനച്ചനുമായി എനിക്കുള്ള ദീർഘകാല പരിചയത്തിന്റെ പശ്ചാത്തലത്തിൽ എനിക്കു പുനലൂർ രൂപതയ്ക്ക് നല്കാൻ സാധിക്കുന്ന ഉറപ്പിതാണ്: ഇദ്ദേഹം ഒരു മെത്രാനായെന്നുവച്ച് അഹങ്കരിക്കുകയില്ല. ശൂന്യമായ ഒരു പാത്രംപോലെ ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സ്വീകരിച്ച് നിങ്ങൾക്കു വിളമ്പിത്തരും. ഈ അരൂപിയോടെ അഭിവന്ദ്യരായ മത്തിയാസ് കാപ്പിൽ പിതാവും, ജോസഫ് കരിയിൽ പിതാവും വെട്ടിത്തെളിച്ച പാതയിൽക്കൂടി മുന്നോട്ടുപോകുവാനുള്ള അനുഗ്രഹാശിസ്സുകൾ സമൃദ്ധമായി ഇദ്ദേഹത്തിനു നല്കേണമേയെന്ന് ഈ ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം.